DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

20-12-2018

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കൊല്ലം പരവൂർ നഗരസഭയുടെ 2018-19 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന "തെങ്ങിൻതൈ വിതരണം" പ്രോജക്ടിന്റെ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള കർഷകർ ഉടൻതന്നെ നികുതി രസീതിന്റെ പകർപ്പു സഹിതം പരവൂർ കൃഷിഭവനിലെത്തി അപേക്ഷ സമർപ്പിച്ച് ഗുണഭോക്തൃവിഹിതം ഒടുക്കേണ്ടതാണെന്ന് പരവൂർ കൃഷിഓഫീസർ അറിയിച്ചു.

## ക്ഷീരസാന്ത്വനം

ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 18 വയസ്സ് മുതൽ 80 വയസ്സ് വരെയുള്ള ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് (ക്ഷീരസാന്ത്വനം) പദ്ധതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. നിലവിലുള്ള രോഗചികിത്സയ്ക്ക് അമ്പതിനായിരം രൂപ ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കുന്ന മെഡിക്ലയിം, 9 ലക്ഷം രൂപ വരെ കവറേജ് ഉള്ള അപകട ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, ഗോസുരക്ഷാ ഇൻഷുറൻസ് എന്നിവ ഉൾപ്പെട്ട പദ്ധതിയ്ക്ക് ക്ഷീരവികസന വകുപ്പ്, ക്ഷീര കർഷക ക്ഷേമനിധി, മിൽമ എന്നിവയുടെ ധനസഹായം കൂടാതെ ക്ഷീരകർഷകർ അംഗങ്ങളായിട്ടുള്ള ക്ഷീരസഹകരണ

സംഘങ്ങളുടെ ധനസഹായവും ലഭ്യമാണ്. നിനച്ചിരിക്കാത്ത വേളയിൽ ഉണ്ടാകുന്ന അസുഖങ്ങൾക്കും ഒരു പരിധി വരെ സഹായകരമാകുന്ന പദ്ധതിയിൽ പങ്കാളികളാകുന്നതിന് ക്ഷീര വികസന യൂണിറ്റ് ഓഫീസിലോ, ക്ഷീര സഹകരണ സംഘത്തിലോ ബന്ധപ്പെടുക.

## പത്തനംതിട്ട കാർഡിൽ പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ-കൃഷിവിജ്ഞാന കേന്ദ്രം കാർഡിൽ വച്ച് ഈ മാസം 22-ന് **ചക്കയിൽ നിന്നും കട്‌ലറ്റ്, പുഡ്ഡിങ്ങ്** എന്നിവയുടെ നിർമ്മാണം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നതിന് താത്പര്യമുള്ളവർ ഇന്ന് 4 മണിക്ക് മുമ്പായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, തടിയൂർ, തിരുവല്ല എന്ന വിലാസത്തിലോ 8078572094 എന്ന നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ''നിറവ് 2018'' ഗ്രാമീണ സഹവാസ പരിപാടി

തിരുവനന്തപുരം വെള്ളായണി കാർഷികകോളേജ് നാലാംവർഷ ബിരുദ വിദ്യാർത്ഥികൾ സംഘടിപ്പിക്കുന്ന ഗ്രാമീണ സഹവാസ പരിപാടി ''നിറവ് 2018'' ജനുവരി 1-ാം തീയതി മുതൽ 10-ാം തീയതിവരെ തൃശ്ശൂർ, അന്തിക്കാട് മേഖലയിൽ വച്ച് നടത്തുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി അഡ്വ. സുനിൽകുമാർ ഉദ്ഘാടനം നിർവ്വഹിക്കുന്ന ഈ പരിപാടിയിൽ കാർഷികമേഖലയിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പങ്കുവയ്ക്കുക, അവരുടെ ജീവിത സാഹചര്യങ്ങളെ കുറിച്ചുള്ള പഠനം, ശാസ്ത്രജ്ഞൻമാരുമായുള്ള

സംവാദം, ട്രെയിനിംഗ്, സെമിനാറുകൾ, ക്ലീനിക്കുകൾ തുടങ്ങിയവ നടത്തുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

## അറിയിപ്പ്

കാർഷികവികസന കർഷകക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ഗ്യാപ്പ് പദ്ധതിപ്രകാരം ട്രൈക്കോഡെർമ, വേപ്പിൻപിണ്ണാക്ക്, എല്ലുപൊടി, സ്യൂഡോമോണാസ്, പയറുവിത്ത് എന്നിവ കൊല്ലം ജില്ലയിലെ തൃക്കരുവ കൃഷിഭവൻവഴി വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർ കരമടച്ച രസീത് സഹിതം കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

## കർഷക കടാശ്വാസത്തിനുള്ള അപേക്ഷ

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ കടാശ്വാസ ത്തിനുള്ള വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള തീയതി 2018 നവംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ പുനർനിശ്ചയിച്ച് ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നു.

## വൈഗ-കൃഷി ഉന്നതി മേള രജിസ്ട്രേഷൻ ആരംഭിച്ചു

സംസ്ഥാന കൃഷിവകുപ്പിന്റെയും ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ 2018 ഡിസംബർ 27 മുതൽ 30 വരെ തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കുന്ന വൈഗ-കൃഷി ഉന്നതിമേള-2018 അന്താരാഷ്ട്ര ശില്പശാലയും പ്രദർശനത്തിന്റെയും രജിസ്ട്രേഷൻ ആരംഭിച്ചു. പഴം-പച്ചക്കറി, സുഗന്ധവിളകൾ, പൂക്കൃഷി എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഉത്പന്ന സംസ്കരണം,

മൂല്യവർദ്ധനവ് എന്നിവയാണ് നാലു ദിവസങ്ങളായി നടക്കുന്ന ശില്പശാലയുടെ മുഖ്യവിഷയം. ഇതുകൂടാതെ ഭാരതീയ കാർഷിക ഗവേഷണ കൗണസിലിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണം - മത്സ്യകൃഷി - ഹോർട്ടികൾച്ചർ വിഭാഗം എന്നിവയെ സംബന്ധിച്ച് പ്രത്യേക സെഷനുകളും നടത്തുന്നുണ്ട് ആസ്ട്രേലിയ, നെതർലാന്റ് ഉൾപ്പെടെ പല വിദേശ രാജ്യങ്ങളിൽ നിന്നും വിദഗ്ദ്ധർ, ശാസ്ത്രജ്ഞർ എന്നിവർ മേളയിൽ പങ്കെടുക്കുന്നുണ്ട് സെമിനാർ സെഷനുകളിൽ പങ്കെടുക്കുന്നതിനും, കർഷകർക്ക് താങ്കളുടെ സംരംഭകത്വ യൂണിറ്റുകളുടെ പ്രദർശനത്തിനുമായി രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുകയാണ്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനായി www.vaigakum.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് kumvaiga2018@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ **0471-2304480, 2740440, 2330129, 9447980867, 9447103411** എന്നീ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.